പ്രതിവാക്യം: **'ദൈവമേ നിന്റെ കൃപയുടെ മഹത്വത്തിൽ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ'**

പട്ടക്കാരൻ: സംഘത്തിന്റെ പ്രവർത്തന മേഖലകളായ അച്ചൻകോവിൽ, മുക്കട, കൽക്കുളം എന്നീ മിഷൻ കേന്ദ്രങ്ങൾക്കായും അവിടെ പ്രവർത്തിക്കുന്ന സുവിശേഷകർക്കും ആരാധനയിൽ സംബന്ധിക്കുന്ന വിശ്വാസ സമൂഹത്തിനും വ്യത്യസ്ഥ സുവിശേഷ പ്രവർത്തനങ്ങൾക്കായും ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു....

പ്രതിവാക്യം: **'ദൈവമേ നിന്റെ കൃപയുടെ മഹത്വത്തിൽ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ'**

പട്ടക്കാരൻ: കൊമ്പാടി കാമ്പസിൽ പ്രവർത്തിക്കുന്ന എ.എം.എം. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്, ഡോ. ജോസഫ് മാർത്തോമ്മാ ധ്യാന കേന്ദ്രം, അനുബന്ധ മെസ്സ്ഹാൾ, സംഘം ഓഫീസ് എന്നീ സ്ഥാപനകൾക്കായും അവിടെ പ്രവർത്തിക്കുന്ന പ്രവർത്തകർക്കായും ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു....

പ്രതിവാക്യം: **'ദൈവമേ നിന്റെ കൃപയുടെ മഹത്വത്തിൽ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ'**

### സമർപ്പണ പ്രാർത്ഥന

കരുണയുള്ള കർത്താവേ, നിനക്കു യോഗ്യമായിരിക്കുന്ന പ്രകാരം നിന്റെ സാക്ഷികളായിരിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. അജ്ഞാനികളെ ദിവ്യ ബുദ്ധിയാൽ പ്രകാശിപ്പിച്ച് ജ്ഞാനമുള്ളവരും വിവേകമുള്ളവരുമാക്കിയ ദൈവമേ ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കേണമേ. നല്ല ഇടയനായ കർത്താവേ നിന്റെ ശബ്ദം കേട്ട് നിന്നെ അനുഗമിപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഞങ്ങളുടെ സ്നേഹിതൻ എന്ന പോലെ നിന്നോട് സംസാരിപ്പാനും ഞങ്ങളുടെ ആശ്വാസകൻ എന്നപോലെ നിന്നോട് ഞങ്ങളുടെ ആവശ്യങ്ങൾ പങ്കു വയ്ക്കുവാനും ഞങ്ങളുടെ വഴികാട്ടി എന്നപോലെ നിന്നെ അനുഗമിപ്പാനും ഞങ്ങളെ സഹായിക്കേണമേ. കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്തു ക്രിസ്തീയ സാക്ഷ്യത്തിൽ നില്പാൻ ഞങ്ങളെ തിരുമുമ്പാകെ സമർപ്പിക്കുന്നു. വയോജനങ്ങളോട് വാത്സല്യമുള്ളവരും സഹോദരരോട് സ്നേഹമുള്ളവരും ചിതറിപ്പോയവരെ ചേർത്തുനിർത്തുന്നവരും ആശയറ്റവരിൽ പ്രത്യാശ ഉണർത്തുന്നവരുമായി പ്രവർത്തിപ്പാൻ ഞങ്ങൾക്കു ശക്തി നൽകേണമേ. സ്തുതിയും സ്തോത്രവും ബഹുമാനവും പുകഴ്ചയും എന്നേക്കും നിനക്കു യോഗ്യമായിരിക്കുന്നു.

ജനം: ആമേൻ..

ക്രി. കീ. 27 സീയോൻ യാത്രക്കാരെ ദൈവമേ ഓർക്കണേ!
വഴിമദ്ധ്യേ അവർക്കുള്ള സങ്കടം തീർക്കണേ!
വരുമെന്നരുളിയ പൊന്നുകാന്താ! നിന്റെ
വരവിന്നു താമസം മേലിലുണ്ടാകല്ലേ (അനുഗ്ര......

# മാർത്തോമ്മ സന്നദ്ധ സുവിശേഷക സംഘം

# സംഘദിന ആരാധനക്രമം – 2017 ഒക്ടോബർ 1 ഞായർ

*(മെത്രാപ്പോലീത്താ തിരുമേനി അംഗീകരിച്ചത്)*

"യഹോവേ എന്റെ വാക്കുകൾക്കു ചെവിതരണമേ. എന്റെ ധ്യാനത്തെ ശ്രദ്ധിക്കണമേ. നിന്റെ കൃപയാൽ വിശുദ്ധ ആലയത്തിലേക്കു ചെന്നു നിങ്കലുള്ള ഭക്തിയോടെ ഞാൻ ആരാധിക്കും". സങ്കീ. 5:1,7

പാട്ട്: ക്രി. കീ. 44

**കൗമ**

### പ്രാരംഭ പ്രാർത്ഥന

സകല സൃഷ്ടിയുടെയും സൃഷ്ടാവും പരിപാലകനുമായ ദൈവമേ, പുതിയ ദിവസത്തിന്റെ പ്രഭാതത്തിൽ ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. നിന്റെ ദിവ്യ വിചാരണയിൽ അനുദിനം ഞങ്ങളെ സംരക്ഷിക്കുന്ന ദൈവകൃപയ്ക്കായി സ്തോത്രം ചെയ്യുന്നു. ഭൂമിയുടെ അറ്റത്തോളം ക്രിസ്തുവിന്റെ സാക്ഷികളായിരിപ്പാൻ ഞങ്ങളെ വിളിച്ചിരിക്കുന്നുയെന്ന ബോധം ഞങ്ങളിലുണർത്തണമേ. വികലമാക്കപ്പെടുന്ന പ്രകൃതി സൗന്ദര്യം, വിരൂപമാക്കപ്പെടുന്ന വ്യക്തി ജീവിതം, ഛേദിക്കപ്പെടുന്ന സമൂഹ ജീവിതം, ഒഴിവാക്കുകയോ തഴയപ്പെടുകയോ ചെയ്യുന്ന വാർദ്ധക്യം, പീഡിപ്പിക്കപ്പെടുന്ന ബാല-കൗമാര ജീവിതം എന്നിത്യാദി തിന്മകൾക്കെതിരേ പോരാടുവാൻ ഞങ്ങളെ ശക്തിപ്പെടുത്തേണമേ. മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘമായി 93 സംവത്സരം പ്രവർത്തിപ്പാൻ നീ സഹായിച്ചുവല്ലോ. കാലാകാലങ്ങളിൽ നേതൃത്വം നൽകിയ എല്ലാ മേൽപട്ടത്ത – പട്ടത്ത സമൂഹത്തെയും അത്മായ അംഗങ്ങളെയും ഓർത്തു ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. ഈ വർഷത്തെ സംഘവാര, സംഘദിന പ്രവർത്തനങ്ങളിലൂടെ ആർജ്ജിച്ച ദൈവീക ശക്തി ഞങ്ങൾക്ക് പുനർസമർപ്പണത്തിന് സഹായകരമായിത്തീരണമേ. ദൈവസ്നേഹത്തിന്റെ നിറവിൽ ഞങ്ങളെ കാത്തു പരിപാലിക്കുന്ന കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു.

ജനം: ആമേൻ

### അനുതാപ പ്രാർത്ഥന

"എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ
എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കണമേ" – സങ്കീ. 51:2

പട്ടക്കാരൻ: ദൈവം തന്റെ ശബ്ദത്താൽ നമ്മെ വിളിച്ച് വേർതിരിച്ച് അവന്റെ സാക്ഷികളായി ജീവിക്കുവാൻ നിയോഗിച്ചിരിക്കുന്നു എന്ന് നാം തിരിച്ചറിയുമ്പോഴും അതിനെ അവഗണിച്ച് സ്വന്തതാല്പര്യങ്ങളിൽ ജീവിക്കുന്ന കുറവുകളെ ..

പ്രതിവാക്യം: **ദൈവമേ നിന്റെ കരുണയാൽ ഞങ്ങളോട് ക്ഷമിച്ച് ഞങ്ങളെ ആശ്വസിപ്പിക്കണമേ**

പട്ടക്കാരൻ: ദൈവം തന്റെ ഹിതത്താൽ മനോഹരമായി സൃഷ്ടിച്ച ഭൂമിയെയും അതിലുള്ള ജൈവസമ്പത്തിനെയും പരിപാലിക്കുവാൻ ഞങ്ങളെ ആക്കിരിക്കുന്നുയെന്നു തിരിച്ചറിയുമ്പോഴും അതിനെ അവഗണിച്ച് സൃഷ്ടിയെ നശിപ്പിക്കുന്ന കുറവുകളെ...

പ്രതിവാക്യം: **ദൈവമേ നിന്റെ കരുണയാൽ ഞങ്ങളോട് ക്ഷമിച്ച് ഞങ്ങളെ ആശ്വസിപ്പിക്കണമേ**

പട്ടക്കാരൻ: മനുഷ്യവർഗ്ഗത്തിന്റെ പാപങ്ങളെ ഹനിപ്പാൻ ഒരിക്കൽ യാഗമായി അർപ്പിക്കപ്പെട്ട ക്രിസ്തു തനിക്കായി വീണ്ടും പ്രത്യക്ഷനാകും എന്ന വാഗ്ദത്തം നാം തിരിച്ചറിയുമ്പോഴും അതിനെ അവഗണിക്കുന്ന കുറവുകളെ....

പ്രതിവാക്യം: **ദൈവമേ നിന്റെ കരുണയാൽ ഞങ്ങളോട് ക്ഷമിച്ച് ഞങ്ങളെ ആശ്വസിപ്പിക്കണമേ**

പട്ടക്കാരൻ: കർത്താവിന്റെ ശരീരമാകുന്ന സഭയുടെ പുകഴ്ചയ്ക്കും പ്രാബല്യത്തിനും ദൈവരാജ്യ പ്രവർത്തനത്തിൽ പങ്കു ചേരുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിയുമ്പോഴും സാമൂഹിക അധികാരവും സാമ്പത്തിക നേട്ടവും ലാക്കാക്കി പ്രവർത്തിച്ച് സാക്ഷ്യത്തിന് മങ്ങൽ ഏൽപിച്ച കുറവുകളെ.....

പ്രതിവാക്യം: **ദൈവമേ നിന്റെ കരുണയാൽ ഞങ്ങളോട് ക്ഷമിച്ച് ഞങ്ങളെ ആശ്വസിപ്പിക്കണമേ**

### പാപമോചന പ്രാർത്ഥന

പട്ടക്കാരൻ: നാം ഓരോരുത്തരും അനുതാപ ഹൃദയത്തോടെ ദൈവമുൻപാകെ ഏറ്റുപറഞ്ഞ പാപങ്ങൾ ദീർഘക്ഷമയുള്ളവനായ ദൈവം തന്റെ സ്നേഹത്താൽ നമ്മോട് ക്ഷമിച്ചിരിക്കുന്നു. യേശുക്രിസ്തുവിലുള്ള കൂട്ടായ്മയിൽ അവന്റെ സാക്ഷികളായിരിപ്പാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

ജനം: ആമേൻ

### സ്തോത്രപ്രാർത്ഥന

"യഹോവേ നിന്റെ സകല പ്രവർത്തികളും നിനക്കു സ്തോത്രം ചെയ്യും. നിന്റെ ഭക്തന്മാർ നിന്നെ വാഴ്ത്തും. എന്റെ വായ് യഹോവയുടെ സ്തുതിയെ പ്രസ്താവിക്കും" – സങ്കീ. 145:10,21

പട്ടക്കാരൻ: കർത്താവേ നീ ഞങ്ങൾക്കു നൽകിയിരിക്കുന്ന ആയുസ്സിനായും ആരോഗ്യത്തിനായും ശുശ്രൂഷാ മേഖലകൾക്കായും ബന്ധങ്ങൾക്കായും സ്നേഹിതർക്കായും അനുദിനം നിന്റെ ദിവ്യ വിചാരണയിൽ ഞങ്ങളെ പരിപാലിക്കുന്നതിനായും....

പ്രതിവാക്യം: **'ദൈവമേ നീ ചെയ്ത സകല ഉപകാരങ്ങൾക്കും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു'**

പട്ടക്കാരൻ: മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന് കാലാകാലങ്ങളിൽ നേതൃത്വം നൽകിയവർ ഇന്നു ഞങ്ങളെ നയിക്കുന്ന അഭിവന്ദ്യ തിരുമേനിമാർ വിശേഷാൽ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, സംഘം പ്രസിഡന്റ് അഭിവന്ദ്യ ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ, ഔദ്യോഗിക ചുമതലക്കാർ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവർക്കായും....

പ്രതിവാക്യം: **'ദൈവമേ നീ ചെയ്ത സകല ഉപകാരങ്ങൾക്കും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു'**

പട്ടക്കാരൻ: ഇടവക മിഷൻ പ്രവർത്തനങ്ങൾ, ശാഖാ, സെന്റർ, ഭദ്രാസന പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന വൈദികർ, ഔദ്യോഗിക ഭാരവാഹികൾ, സംഘാംഗങ്ങൾ, മിഷൻ പ്രവർത്തനങ്ങളിൽ വിവിധ തലങ്ങളിൽ സഹകരിക്കുന്നവർ, സംഘം സ്നേഹിതർ എന്നിവർക്കായും....

പ്രതിവാക്യം: **'ദൈവമേ നീ ചെയ്ത സകല ഉപകാരങ്ങൾക്കും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു'**

പട്ടക്കാരൻ: ലോകത്തെ ജയിപ്പാനുള്ള ശക്തി ഞങ്ങൾക്കു നൽകി ഭൂമിയുടെ അറ്റത്തോളവും സാക്ഷികളായിരിക്കുവാൻ ഞങ്ങളെ നിയോഗിച്ചതിനാലും ലോകാവസാനത്തോളം നീ ഞങ്ങളോടുകൂടെയിരിക്കാം എന്ന് വാഗ്ദത്തം നൽകി ഞങ്ങളെ ബലപ്പെടുത്തിയതിനാലും....

പ്രതിവാക്യം: **'ദൈവമേ നീ ചെയ്ത സകല ഉപകാരങ്ങൾക്കും ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു'**

### മദ്ധ്യസ്ഥ പ്രാർത്ഥന

"ദൈവം നമുക്ക് ഉദ്ധാരണങ്ങളുടെ ദൈവമാകുന്നു. മരണത്തിൽ നിന്നുള്ള നീക്കുപോക്കുകൾ യഹോവയ്ക്കു തന്നെ" – സങ്കീ. 68:20

പട്ടക്കാരൻ: രാഷ്ട്രങ്ങൾ തമ്മിൽ സ്നേഹവും കരുതലും ബഹുമാനവും ഉള്ളവരായി പ്രവർത്തിച്ച് ലോകത്ത് സമാധാനം നിലനിർത്തുന്നതിനും സമാധാനത്തിന്റെ ദൂതുവാഹകരായി പ്രവർത്തിക്കുന്നതിന് ക്രൈസ്തവ സഭയേയും ശുശ്രൂഷകരേയും ഒരുക്കുന്നതിനും ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു....

പ്രതിവാക്യം: **'ദൈവമേ നിന്റെ കൃപയുടെ മഹത്വത്തിൽ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ'**

പട്ടക്കാരൻ: മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ ഏഴിന പരിപാടികളായ മദ്ധ്യസ്ഥപ്രാർത്ഥന, ദൈവവചന പഠനം, അനുഭവം പങ്കിടൽ, ഭവന സന്ദർശനം, ആതുരസേവനം, ആത്മായ നേതൃത്വം, സുവിശേഷദൗത്യം എന്നിവയുടെ ക്രീയാത്മകമായ നടത്തിപ്പിന് സംഘാംഗങ്ങളെ ശക്തിപ്പെടുത്തണമെന്ന് ഞങ്ങൾ നിന്നോട് പ്രാർത്ഥിക്കുന്നു....